**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3419** **11-03-2025 - ൽ മറുപടിയ്ക്ക്**

**സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ 2024-25 വർഷത്തെ സെക്കൻഡ് ഗ്രേഡ് സർവേയർ, ഫസ്റ്റ് ഗ്രേഡ് സർവേയർമാരുടെ ഓൺലൈൻ ട്രാൻസ്ഫർ ഓർഡർ എന്ന് നിലവിൽ വരാനാണ് സാധ്യത എന്നറിയിക്കാമോ; | (എ) | 2024 ലെ ഓൺലൈൻ പൊതുസ്ഥലം മാറ്റം സി-ഡിറ്റിന്റെ HRM software മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി ഓരോ ജില്ലയിലും മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക 13/02/2025 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. മാർച്ച് 31 നകം അന്തിമ പട്ടിക പുറപ്പെടുവിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത വകുപ്പിൽ 2023-24 ൽ സർവേയർ തസ്തികളിൽ നിന്നും എത്ര പേർ വിരമിച്ചു; വിരമിക്കലിലൂടെ സംജാതമായ ഒഴിവുകളെ സംബന്ധിച്ച വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകളിൽ എത്ര സർവേയർ ഗ്രേഡ് II ഉദ്യോഗസ്ഥർക്ക് പ്രേമോഷൻ ലഭിച്ചു; 2023-24 ലെ വിരമിക്കലിലൂടെ സംജാതമായ ഒഴിവുകളിൽ പകരം നിയമനം നൽകിയോ; എങ്കിൽ ഓർഡർ നമ്പർ, തീയതി എന്നിവ അറിയിക്കാമോ; | (ബി) | 2023ൽ 26ഉം, 2024 - ൽ 38 ഉം ഉൾപ്പെടെ 64 പേർ സർവെയർ തസ്തികയിലും, ടി തസ്തികയുടെ പ്രൊമോഷൻ തസ്തികകളിൽ നിന്നുമായി വിരമിച്ചു. സർവെയും ഭൂരേഖയും വകുപ്പിലെ സർവെയർ തസ്തികയുടെ നിയമനം സംസ്ഥാനതലത്തിലാണ് നടത്തുന്നത്. 2023ലും 2024ലും ഉണ്ടായ ഒഴിവുകളുടെ അടിസ്ഥാനത്തിൽ 55 സർവെയർ ഗ്രേഡ് 2 ജീവനക്കാർക്ക് സർവെയർ ഗ്രേഡ് ഒന്ന് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. മേൽ പ്രകാരം നിലവിൽ വന്ന 9 ഒന്നാം ഗ്രേഡ് സർവെയർ ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുവാനുണ്ട്. 2023-2024 വർഷം ഉണ്ടായിട്ടുള്ള സർവേയർ ഗ്രേഡ് II തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവേയർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. പി.എസ്.സിയിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |
| (സി) | പ്രസ്തുത വകുപ്പിൽ സർവേയർ ഗ്രേഡ്-I, സർവേയർ ഗ്രേഡ്-II തസ്തികകളിൽ ഓൺലൈൻ ട്രാൻസ്ഫർ | (സി) | നിലവിൽ സർവെയും ഭൂരേഖയും വകുപ്പിലെ പൊതുസ്ഥലംമാറ്റ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. |

| | | | |
|---|---|---|---|
| | പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ എത്ര ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം ലഭിക്കും എന്ന് വ്യക്തമാക്കാമോ? | | സ്ഥലംമാറ്റ പ്രക്രിയ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലായതിനാൽ അന്തിമ സീനിയോറിറ്റി പട്ടിക പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ ഓരോ കേഡറിലും എത്ര ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം ലഭിക്കും എന്ന് അറിയുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ